പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 248

# 2025-ലെ കേരള അഭിഭാഷക സംരക്ഷണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 248

# 2025-ലെ കേരള അഭിഭാഷക സംരക്ഷണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

313/2025.

# 2025-ലെ കേരള അഭിഭാഷക സംരക്ഷണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്തെ അഭിഭാഷകർക്ക് എതിരായ അക്രമം നിരോധിക്കുന്നതിനും അവരുടെ സ്വത്തിനും ജീവനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരായ അക്രമം നിരോധിക്കുന്നതിനും അവരുടെ സ്വത്തിനും ജീവനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള അഭിഭാഷക സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അഭിഭാഷകൻ" എന്നാൽ സംസ്ഥാനത്ത് അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളയാളും 1961-ലെ അഭിഭാഷക നിയമ (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) ത്തിലെ 2-ാം വകുപ്പ് (1) (എ) ഉപവകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ളയാളും എന്നർത്ഥമാകുന്നു;

(ബി) ''സ്വത്ത്'' എന്നാൽ ഒരു അഭിഭാഷകന്റെ കൈവശമുള്ളതോ സ്വന്തമായതോ ആയ സ്ഥാവരജംഗമ വസ്തുക്കൾ, യന്ത്രസഹായമുള്ളതോ അല്ലാത്തതോ ആയ ഉപകരണങ്ങൾ, വാഹനങ്ങൾ മുതലായ ഏതൊരു വസ്തുവും എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാലോ റെഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) ''വിജ്ഞാപനം'' എന്നാൽ കേരളസർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

3. അക്രമം നിരോധിക്കൽ.—സംസ്ഥാനത്തെ ഏതെങ്കിലും കോടതി പരിസരത്ത് ഏതൊരു അഭിഭാഷകന് എതിരെയും അയാളുടെ അഭിഭാഷക ജോലിക്കിടെ അക്രമം ഉണ്ടാകുകയോ അയാളുടെ സ്വത്തിന് നാശമോ നഷ്ടമോ ഉണ്ടാക്കുകയോ ചെയ്യുന്നത് കുറ്റകൃത്യമായിരിക്കുന്നതാണ്.

4. കോഗ്നിസിബിൾ ആയിരിക്കുന്നതാണ്.—ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നിസിബിളും ജാമ്യം അനുവദിക്കുവാൻ പാടില്ലാത്തതും ആയിരിക്കുന്നതാണ്.

5. അഭിഭാഷകർക്ക് സംരക്ഷണം നൽകൽ.—ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള ഏതൊരു അക്രമവും ഒരു അഭിഭാഷകൻ നേരിടുന്നതായി ഏതെങ്കിലും റിപ്പോർട്ട് പോലീസിന് ലഭ്യമാകുന്ന പക്ഷം, പ്രസ്തുത റിപ്പോർട്ടിലെ വസ്തുതകൾ പരിശോധിച്ചശേഷം നിർണ്ണയിക്കുന്ന പ്രകാരമുള്ള അർഹത പരിഗണിച്ച് ആവശ്യമായ പോലീസ് സംരക്ഷണം അപ്രകാരമുള്ള അഭിഭാഷകന് നൽകാവുന്നതാണ്.

6. കുറ്റകൃത്യത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെ 3-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും കുറ്റകൃത്യം ചെയ്യുന്ന ഏതൊരു കുറ്റക്കാരനും ആറുമാസം മുതൽ ഒരു വർഷം വരെയാകാവുന്ന കാലയളവിലേയ്ക്കുള്ള തടവും ഇരുപത്തി അയ്യായിരം രൂപ വരെയാകാവുന്ന പിഴയും അല്ലെങ്കിൽ ഇവ രണ്ടുമോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്:

എന്നാൽ, അഭിഭാഷകന് സ്വത്തിനുണ്ടായ നഷ്ടം കോടതി തീരുമാനിക്കുന്ന പ്രകാരം അഭിഭാഷകന് നൽകാൻ കുറ്റക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

7. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് പുറമെയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

8. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും , അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം വിജ്ഞാപനത്തിന് ശേഷം അതതു സംഗതിപോലെ അപ്രകാരം രൂപ ഭേദപ്പെടുത്തലുകൾ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് അഭിഭാഷകർക്ക് തൊഴിൽ സംബന്ധമായ എതിർപ്പുകൾ നേരിടുന്നതായ സന്ദർഭങ്ങൾ വാർത്തകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കോടതി പരിസരങ്ങളിൽ അഭിഭാഷകർക്ക് നേരേയുള്ള അക്രമങ്ങൾ അവരുടെ തൊഴിൽപരമായ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. ഇത്തരം അക്രമങ്ങൾ ഒഴിവാക്കുന്നതോടൊപ്പം കോടതി പരിസരങ്ങളിൽ അഭിഭാഷകർക്ക് തങ്ങളുടെ തൊഴിൽ നിർവ്വഹിക്കുന്നതിൽ സമ്പൂർണ്ണ സംരക്ഷണം ഉറപ്പാക്കേണ്ടതുണ്ട്. അപ്രകാരം അഭിഭാഷകവൃത്തിക്കിടെ കോടതി പരിസരങ്ങളിലുണ്ടാകുന്ന അഭിഭാഷകർക്കെതിരെയുള്ള അക്രമം തടഞ്ഞ് അവർക്ക് സമ്പൂർണ്ണ സംരക്ഷണം നിയമംമൂലം ഏർപ്പെടുത്തുന്നത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡം അക്രമം നേരിടുന്ന അഭിഭാഷകന് സംരക്ഷണം നൽകുന്നതിന് പോലീസ് സേനയുടെ സഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഇക്കാര്യത്തിലുണ്ടാകുന്ന ചെലവ് കൃത്യമായി കണക്കാക്കുന്നതിന് ഈ ബില്ല് പ്രാവർത്തികമായതിനുശേഷമേ സാധിക്കുകയുള്ളൂ. എന്നിരുന്നാലും പ്രാരംഭ ഘട്ടത്തിൽ ഒരു ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 5-ാം ഖണ്ഡം അഭിഭാഷകന് പോലീസ് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് അർഹത നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഗസറ്റ് വിജ്ഞാപനം വഴി ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതുമാകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

**ഡോ. എൻ. ജയരാജ്.**